# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## ശവക്കച്ചക്ക് കീശയില്ല



ഓശാനഞായറാഴ്ചത്തെ പ്രസംഗത്തിന്റെ ഇടയ്ക്കാണെന്ന് തോന്നുന്നു. മുൻകൂട്ടി തയ്യാറാക്കിയ പ്രസംഗംവിട്ട് മാർപ്പാപ്പ പറഞ്ഞ ഒരു കാര്യമുണ്ട്. കുഞ്ഞുനാളിൽ അദ്ദേഹത്തിന്റെ വല്യമ്മച്ചി പതിവായി ഓർമ്മിപ്പിച്ചിരുന്ന കാര്യം ശവക്കച്ചയ്ക്ക് കീശ യില്ല. അതായത് മൃതശരീരത്തിന്റെ ഉടുപ്പിന് പോക്കറ്റില്ലെന്ന്. ശവത്തിന് പോക്കറ്റിന്റെ ആവശ്യമില്ലെന്നതാണ് സത്യം. കാരണം പോക്കറ്റിൽ ഇടാനും പോക്കറ്റിലിട്ടുകൊണ്ടു പോകാനും സാധിക്കുന്നൊരു യാത്രയ്ക്കല്ലല്ലോ മൃതശരീരം ഒരുമ്പെടുന്നത്. മറിച്ച് ഒന്നും കൂടെകൊണ്ടുപോകാൻ സാധിക്കാത്ത യാത്രയിലേയ്ക്കല്ലേ ശവശരീരം പോകു ന്നത്.''

പെസഹാ വ്യാഴാഴ്ചത്തെ ക്രിസം കുർബാനയ്ക്കിടെ ഫ്രാൻസീസ് പാപ്പാ പറഞ്ഞു. ദൈവജനം അഭിഷിക്തരാകുന്നുണ്ടോ ഇല്ലയോ എന്നു നോക്കിയാൽ ഒരു നല്ല പുരോഹിതനെ തിരിച്ചറിയാം. നിങ്ങളുടെ വചനപ്രഘോഷണം കേൾക്കുന്നവർ പ്രത്യാ ശാഭരിതരാകുകയാണെങ്കിൽ അവർ അഭിഷ്കതരാകുകയാണ് ചെയ്യുന്നത്. അവരുടെ സങ്കടങ്ങളും പ്രതിസന്ധികളും ദുഃഖങ്ങളും ഭാരങ്ങളും ദൈവകരങ്ങളിലേക്ക് സമർപ്പി ക്കപ്പെട്ടുവെന്ന് അവർക്ക് തോന്നുമ്പോൾ നിങ്ങൾ അർപ്പിക്കുന്ന കുർബാനയിലൂടെ അവർ അഭിഷ്കതരാകുകയാണ്.

അതിനാൽ സ്വയം ഉൾവലിയാതെ സമൂഹത്തിന്റെ അതിരുകളിലേക്കും പുറമ്പോക്കുകളിലേക്കും ഇറങ്ങിച്ചെല്ലാനാണ് മാർപാപ്പാ പുരോഹിതരെ ആഹ്വാനം ചെയ്തത്. കാരണം അതിരുകളിലാണ് സഹനവും രക്തം ചിന്തലുമുള്ളത്, അവിടെയാണ് അന്ധരും ജയിൽപുള്ളികളുമുള്ളത്, അവിടെയാണ് പാപികളും ദുർമാർഗികളുമുള്ളത്. പുരോഹിതാഭിഷേകത്തിന്റെ രക്ഷാകരശക്തി അനുഭവിക്കണമെങ്കിൽ അവർ അതിരുകളിലേക്കുതന്നെ ഇറങ്ങിച്ചെല്ലണമെന്ന് പാപ്പാ ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നു.

മാർപാപ്പ പറഞ്ഞ മറ്റൊരു കാര്യംകൂടി ഇതിനോടു കൂട്ടിവായിക്കണം. മറ്റേതൊരു തൊഴിലിലും എന്നതുപോലെ കരിയറിസം പൗരോഹിത്യത്തെയും ബാധിക്കുന്നുണ്ട്. കൊച്ചച്ചന് വികാരിയും വികാരിക്ക് ജനറാളും ജനറാളിന് മെത്രാനും അങ്ങനെ അങ്ങേയറ്റംവരെ കയറിപ്പോകാനുള്ള അഭിവാഞ്ച. ഇത് പീലിവിടർത്തി നിന്നാടുന്ന ആൺമയിലിന്റെ മുൻഭാഗംപോലെ മനോഹരമാണെന്നാണ് പാപ്പാ പറയുന്നത്. എന്നാൽ മയിലിന്റെ പുറകിൽനിന്ന് നോക്കിയാലോ? മഹാവൃത്തികേടും.

ചുരുക്കത്തിൽ നശ്വരമായതിനെയും അനശ്വരവുമായതിനെയും തമ്മിൽ വേർതിരിക്കാനാവണമെന്നാണ് പാപ്പായുടെ ആഹ്വാനം. ഏതാണ് ഭൗതികം. ഏതാണ് ദൈവികം എന്ന് വേർതിരിക്കാനാവണം. ഏതാണ് മരണംകൊണ്ട് തീർന്നുപോകുന്നത്, ഏതാണ് മരണത്തിനപ്പുറത്തേക്ക് നീളുന്നത് എന്ന് മനസ്സിലാക്കാനാകണം. എന്നിട്ട് മരണത്തിനപ്പുറത്തേക്ക് നീളുന്നതിന് ജീവിതത്തിൽ ഒന്നാംസ്ഥാനം കൊടുക്കാനാകണം. അതിലുപരി, നശിച്ചുപോകുന്ന ഈ ജീവിതവും അതിന്റെ പ്രവൃത്തികളുംകൊണ്ട് നിത്യമായ ജീവൻ നേടിയെടുക്കാൻ നമുക്കാകണം. ഇതാണ് ഫ്രാൻസിസ് പാപ്പാ പറഞ്ഞുതരുന്ന നവസന്ദേശം.

"ഇതുതന്നെയാണ് യേശു പ്രഘോഷിച്ച സുവിശേഷവും-ജീവൻ നഷ്ടപ്പെടുത്തി ക്കൊണ്ട് അതിനെ നിത്യമായി രക്ഷിക്കുന്ന രീതി (മർക്കോ 8 :35). പഴയ ചിരന്തനചോദ്യം ഓർക്കുന്നില്ലേ? നീ ലോകം മുഴുവൻ നേടിയാലും നിന്റെ ജീവൻ നഷ്ടപ്പെടുത്തിയാൽ അതുകൊണ്ട് നിനക്ക് എന്ത് പ്രയോജനം? ഈ ചോദ്യത്തിന്റെ ജസ്വീറ്റ് പശ്ചാത്തലം നമുക്കറിയാം. ലയോള, സേവ്യറിനോട് ചോദിച്ച ചോദ്യമാണിത്. അതിനൊക്കെ എത്രയോമുമ്പ് നസ്രസ്സിലെ യേശു സ്വന്തം ശിഷ്യരോടാണ് ആദ്യമായി ഈ ചോദ്യം ഉന്നയിച്ചത് (മർക്കോ 8 :35). ആ ചോദ്യത്തിന്റെ ആധുനിക രൂപം മനസ്സിൽ മന്ത്രമായി നമുക്ക് ആവർത്തിക്കാം: ശവക്കച്ചയ്ക്കു കീശയില്ല."